പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 239 5-03-2012 - ൽ മറുപടിയ്ക്ക്

**മുനമ്പം മത്സ്യബന്ധന തുറമുഖ അഴിമുഖത്ത് മണ്ണ് അടിഞ്ഞ് മണൽത്തിട്ട രൂപം കൊള്ളുന്നത് തടയുന്നതിനുള്ള നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസ് വകുപ്പ് മന്ത്രി |
| (എ) | മുനമ്പം മത്സ്യബന്ധനതുറമുഖ അഴിമുഖത്ത് മണ്ണടിഞ്ഞ് മണൽത്തിട്ട രൂപം കൊള്ളുന്നതുമൂലം മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെടുന്നതും മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനി സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മണൽത്തിട്ട നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മുനമ്പം അഴീക്കോട് അഴിമുഖത്ത് മണൽ അടിഞ്ഞുകൂടുന്നതിന് പരിഹാരം കാണുന്നതിനായി ഡ്രെഡ്ജിംഗ് പ്രൊപ്പോസൽ ഈ വകുപ്പ് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിയ്ക്കും ഫണ്ടിനുമായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ മുനമ്പം ഹാർബറിനുവേണ്ടി മാത്രം ഒരു ഫിഷറി ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവിടെ നിന്നുള്ള വരുമാനം പ്രസ്തുത സൊസൈറ്റി പിരിച്ചെടുത്ത് ഹാർബറിന് വേണ്ടി വരുന്ന എല്ലാ മെയിന്റനൻസ്, നടത്തിപ്പ് ചെലവുകളും സർക്കാർ സഹായം കൂടാതെ സൊസൈറ്റി തന്നെ നടത്തണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സൊസൈറ്റിയിൽ വേണ്ടത്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ഈ പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചത്. കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ച മുനമ്പം മത്സ്യബന്ധന തുറമുഖം ഉൾപ്പെടെ മറ്റ് തുറമുഖങ്ങളിലെയും ഡ്രെഡ്ജിംഗ് നടത്തുന്നതിനുവേണ്ടി 1054 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മുനമ്പം ഹാർബറിലെ പ്രത്യേക സാഹചര്യം പരിഗണിച്ച്, ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ.കെ.വി,തോമസ് നിർദ്ദേശിച്ചതനുസരിച്ച് 114 ലക്ഷം രൂപയുടെ ഒരു പ്രത്യേക ഡ്രെഡ്ജിംഗ് പ്രൊപ്പോസൽ RKVY (Rashtriya Krishi Vikas Yojana) സ്കീമിൽ ഉൾപ്പെടുന്നതിനും സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. ഭരണാനുമതിയും ഫണ്ടും നൽകുന്ന മുറയ്ക്ക് ഡ്രെഡ്ജിംഗ് പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |
| (ബി) | മണൽത്തിട്ട രൂപം കൊള്ളുന്നത് തടയുന്നതിന് ശാസ്ത്രീയമായ പഠനം നടത്തുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ